# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മതിലകം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: .KSA.TSR.(P-9)-1570/2021.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 25/06/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മതിലകം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മതിലകം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മതിലകം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: .KSA.TSR.(P-9)-1570/2021. തീയ്യതി: 25/06/2022

## തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 06-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-10-2021 | 08-10-2021 |
| 16-10-2021 | 18-10-2021 |
| 03-11-2021 | 06-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷീന.കെ.ടി,ഓഡിറ്റ് ഓഫീസർ
ശ്രീ.സിജു.പി.ഡാംസൻ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സലീഷ്.എം.ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുമിത.ടി.എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ ദിലീപ് ഓഡിറ്റർ

ശ്രീ.സിജോ തോമസ്, ഓഡിറ്റർ(03.11.2021 മുതൽ 06.11.2021വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഇ.ജി സുരേന്ദ്രൻ | പ്രസിഡന്റ് | 01-04-2020 | 29-12-2020 |
| ശ്രീമതി സീനത്ത് ബഷീർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.പി.വി.ഷാബു | സെക്രട്ടറി | 01-04-2020 | 19-10-2020 |
| ശ്രീമതി സീന.എം.ജെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-10-2020 | 22-10-2020 |
| ശ്രീ.എൻ.ജി.ദിനേശൻ | സെക്രട്ടറി | 23-10-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബൈജു ബേബി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.സതീഷ് കുമാർ | സീനിയർ വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ.ബാബു.ഇ.എസ് | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ, മതിലകം സർക്കിൾ | 01-04-2020 | 03-11-2020 |
| ശ്രീമതി അൻസു അലക്സ് | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ, മതിലകം സർക്കിൾ | 04-11-2020 | 31-03-2021 |
| ശ്രീ ശരത്ത് കുമാർ.ടി.എസ് | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ, കുളിമുട്ടം സർക്കിൾ | 01-04-2020 | 03-11-2020 |
| ശ്രീമതി ആശ | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ, കുളിമുട്ടം സർക്കിൾ | 04-11-2020 | 31-03-2021 |
| ശ്രീമതി രമണി | പ്രധാനാധ്യാപിക | 01-04-2020 | 31-05-2020 |
| ശ്രീമതി മെർലിൻ ജോസഫ് | പ്രധാനാധ്യാപിക | 01-06-2020 | 31-03-2021 |
| ശ്രീമതി നിഷി.പി.ദേവദാസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 23-06-2020 |
| ശ്രീ ലിജു | അസിസ്റ്റന്റ് എഞ്ചിനീയർ | 24-06-2020 | 31-03-2021 |
| ശ്രീ പ്രശാന്ത്.ഇ.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി സീന.എം.ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ.വരദ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2020 | 06-09-2020 |
| ഡോ.മഞ്ജിത്ത് കൃഷ്ണൻ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 07-09-2020 | 31-03-2021 |
| ശ്രീ.അൻസിൽ.പി.എം | ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ | 01-04-2020 | 18-10-2020 |
| ശ്രീമതി ചിപ്പി കാദർ | ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ | 19-10-2020 | 31-03-2021 |
| ശ്രീമതി ഹേമ.കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 16-08-2020 |
| ശ്രീമതി സലോമി.കെ.വി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 17-08-2020 | 16-11-2020 |
| ശ്രീമതി ഹൃദ്യ.എൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 17-11-2020 | 31-03-2021 |
| ഡോ.സുമയ്യ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2020 | 15-02-2021 |
| ഡോ.സിന്ധു | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 16-02-2021 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sheena K T (Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1- |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sheena K T (Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 31-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sheena K T (Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 31-05-2022) | 1-3 |
| 4 | ഫണ്ടിനം<br>Written By: Sheena K T (Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sheena K T (Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-5 |
| 6 | പദ്ധതി അവലോകനം<br>Written By: Sheena K T (Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 31-05-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Sheena K T (Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 31-05-2022) | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: Sheena K T (Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Sijo Thomas (Auditor, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-9 |
| 10 | വാർഷികകണക്കിൽ ഉൾപ്പെട്ട ധനകാര്യ പത്രികകൾ സമർപ്പിച്ചിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 06-10-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-10 |
| 11 | വസ്തുനികുതി-റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 06-10-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-11 |
| 12 | വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും ഡി.സി.ബി പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 06-10-2021)<br>Last Updated By: Sheena K T (Audit Officer, On 24-06-2022) | 1-12 |
| 13 | ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 06-10-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-13 |
| 14 | വസ്തുനികുതി-മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 06-10-2021)<br>Last Updated By: Sheena K T (Audit Officer, On 24-06-2022) | 1-14 |
| 15 | മുൻകൂർ തുക സാങ്കല്പികമായി വർദ്ധിപ്പിക്കുന്നു<br>Written By: Siju P. Damson (Asst. Audit Officer, On 06-10-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-15 |

| | | |
|---|---|---|
| 16 | രജിസ്റ്ററുകൾ-വാർഷികകണക്കുമായി പൊരുത്തപ്പെടുത്തുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 06-10-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-16 |
| 17 | മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 06-10-2021)<br>Last Updated By: Sheena K T (Audit Officer, On 24-06-2022) | 1-17 |
| 18 | "280000000-Prior Period Item"-ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകൾ ഇല്ല<br>Written By: Siju P. Damson (Asst. Audit Officer, On 06-10-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 24-06-2022) | 1-18 |
| 19 | ജേണൽ എൻട്രികൾക്ക് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 06-10-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 24-06-2022) | 1-19 |
| 20 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 06-10-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-20 |
| 21 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല<br>Written By: Siju P. Damson (Asst. Audit Officer, On 06-10-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-21 |
| 22 | ലൈസൻസ് ഫീസ് കുറവ് ഈടാക്കി.<br>Written By: Sumitha T.S (Asst. Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-22 |
| 23 | പെർമ്മിറ്റ്-അനധികൃത നിർമ്മാണത്തിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-23 |
| 24 | തൊഴിൽ നികുതി അപാകതകൾ<br>Written By: Sijo Thomas (Auditor, On 07-11-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 24-06-2022) | 1-24 |
| 25 | വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതിലെ അപാകതകൾ<br>Written By: Sijo Thomas (Auditor, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-25 |
| 26 | ഹോമിയോ മരുന്ന് മുഴുവൻ ലഭിച്ചിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-26 |
| 27 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചർ -ഒരേ വിദ്യാർത്ഥിനിക്ക് രണ്ട് തവണ ഫർണ്ണീച്ചർ നൽകി.<br>Written By: Sumitha T.S (Asst. Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-27 |
| 28 | തൊഴിലുറപ്പ് പദ്ധതി-പ്രവൃത്തികൾക്ക് സാധനങ്ങൾ വാങ്ങൽ-നടപടിക്രമങ്ങളിലെ ന്യൂനതകൾ<br>Written By: Siju P. Damson (Asst. Audit Officer, On 06-11-2021)<br>Last Updated By: Sheena K T (Audit Officer, On 24-06-2022) | 1-28 |
| 29 | പൊതുമരാമത്ത് പ്രവൃത്തികൾ- കരാറുകാരിൽ നിന്ന് ജിഎസ്ടി ഇൻവോയ്സുകൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Siju P. Damson (Asst. Audit Officer, On 06-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-29 |
| 30 | വീട് അറ്റകുറ്റപ്പണി പൂർത്തീകരിച്ചിട്ടില്ല<br>Written By: Saleesh M.G (Asst. Audit Officer, On 10-11-2021)<br>Last Updated By: Sheena K T (Audit Officer, On 24-06-2022) | 1-30 |
| 31 | വീട് അറ്റകുറ്റപ്പണി ,SCP -വാല്യുവേഷനിൽ അധികം തുക നൽകി<br>Written By: Saleesh M.G (Asst. Audit Officer, On 10-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-31 |

| | | |
|---|---|---|
| 32 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക്- പദ്ധതിവിഹിതം കൂടുതൽ ചെലവ് ചെയ്തു.<br>Written By: Sheena K T (Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-32 |
| 33 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Sheena K T (Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-33 |
| 34 | സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ സ്ഥലം വാങ്ങൽ പദ്ധതി സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 11-11-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 24-06-2022) | 1-34 |
| ഭാഗം **2** | | |
| 1 | ലൈസൻസ് ഫീസ് കുറവ് ഈടാക്കി.<br>Written By: Sumitha T.S (Asst. Audit Officer, On 12-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 2-1 |
| ഭാഗം **3** | | |
| 1 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചർ -ഒരേ വിദ്യാർത്ഥിനിക്ക് രണ്ട് തവണ ഫർണ്ണീച്ചർ നൽകി.<br>Written By: Sumitha T.S (Asst. Audit Officer, On 12-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 24-06-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sheena K T (Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 24-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sheena K T (Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 4-3 |
| 4 | വായ്പ്പാ/വായ്പ്പാ തിരിച്ചടവ്<br>Written By: Sheena K T (Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 24-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 24-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sheena K T (Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sheena K T (Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Sheena K T (Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Saleesh M.G (Asst. Audit Officer, On 10-11-2021)<br>Last Updated By: Sheena K T (Audit Officer, On 24-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Saleesh M.G (Asst. Audit Officer, On 10-11-2021)<br>Last Updated By: Sheena K T (Audit Officer, On 25-06-2022) | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1- ബജറ്റ്

| പാസാക്കിയ തിയതി | തീരുമാനം നമ്പർ | പ്രതീഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 30-3-2020 | 1 | 218154863 | 211501024 |

റിവൈസ്ഡ് ബഡ്ജറ്റ്

| പാസാക്കിയ തിയതി | തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 12-2-2021 | 1 | 239005441 | 226238581 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31-7-2021 | 28.06.2021 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14161532.74 |
| വരവ് | 87038695 |
| ആകെ | 101200227.74 |
| ചെലവ് | 81049732 |
| നീക്കിയിരിപ്പ് | 20150495.74 |

### 1-4 ഫണ്ടിനം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 16689000 | 16689000 | 12731464 | 3957536 |
| വികസനഫണ്ട്-എസ് സി പി | 0 | 10278501 | 10278501 | 8615978 | 1662523 |
| വികസനഫണ്ട്-ടി എസ് പി | 0 | 0 | 0 | 0 | |
| മെയിന്റനൻസ്-റോഡ് | 0 | 7976000 | 7976000 | 7676000 | 0 |
| മെയിന്റനൻസ്-നോൺറോഡ് | 0 | 4112000 | 4112000 | 4112000 | 0 |
| സെൻട്രൽ ഫിനാൻസ് | 0 | 16704823 | 16704823 | 8105547 | 8599276 |
| CFC ടൈഡ് | | 5560000 | 5560000 | 4575545 | 984455 |

### 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1322 | 1391902 | 1393224 | 1393224 | 0 |
| ഉണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 28540518 | 28540518 | 28540518 | 0 |
| മെറ്റീരിയൽ | 0 | 1283046 | 1283046 | 1283046 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 1322 | 31215466 | 31216788 | 31216788 | 0 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ(എണ്ണം) | അടങ്കൽ(തുക) | നടപ്പിലാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 341 | 136348645 | 245 | 87465143 | 86 | 10 | 71.85 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 3924400 | 259 |
| വിധവാ പെൻഷൻ | 20368800 | 1334 |
| വാർദ്ധക്യകാലപെൻഷൻ | 26503500 | 1675 |
| വികലാംഗപെൻഷൻ | 4662600 | 305 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 961400 | 64 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 270000 | 9 |

## 1-8 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകളിൽ, പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതായി കാണുന്നില്ല.

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-10-2021 തീയതിയിൽ 3:15 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,472/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 വാർഷികകണക്കിൽ ഉൾപ്പെട്ട ധനകാര്യ പത്രികകൾ സമർപ്പിച്ചിട്ടില്ല

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)). പഞ്ചായത്ത് അക്കൗണ്ട്സ് മാന്വൽ നിലവിൽ വരാത്തതിനാൽ ഫോമുകൾ നിശ്ചയിക്കാത്തതിനാലാണ് ഇത് സമർപ്പിക്കാൻ കഴിയാത്തത് എന്ന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-11 വസ്തുനികുതി-റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും

പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 29,75,968 | 29,59,124 | 22,904 | *1080 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 29,75,968 | 29,51,984 | 30,044 | *1080 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(1134/105X100)= 1080 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. വാർഷികകണക്കിലേയും ഡിസിബി രജിസ്റ്ററിലേയും കളക്ഷൻ, മുൻകൂർ തുക ക്രമീകരിച്ചത് എന്നീ ഇനങ്ങളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് –(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല (ഓഡിറ്റ് എൻക്വയറി 2 തീ. 6/10/21)
(മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കിയിരുന്നു. വസ്തുനികുതി കളക്ഷൻ തുക + ലൈബ്രറി സെസ്സ് കളക്ഷൻ തുക + ബുക്ക് അഡ്ജസ്റ്റ്മെന്റ് –അടുത്ത വർഷത്തേക്കുള്ള കളക്ഷൻ എന്നിങ്ങനെ കുറവ് ചെയ്താൽ കണക്ക് കൃത്യമാകുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ആയത് കൃത്യമാക്കി കണക്കുകൾ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഡി.സി.ബി പത്രിക മറുപടിയിൽ പരാമർശിച്ച രീതിയിലാണ് വ്യാഖ്യാനിക്കപ്പെടേണ്ടതെന്ന് നിർദ്ദേശങ്ങളില്ലാത്തതിനാലും വാർഷികകണക്കും ഡി.സി.ബിയും ഒരേ ഡാറ്റാ ഉപയോഗിച്ച് രണ്ട് സോഫ്റ്റ്‌വെയറുകളിൽ തയ്യാറാക്കപ്പെടുമ്പോൾ അക്കൗണ്ട് ശീർഷകങ്ങളുടെ അടിസ്ഥാനത്തിൽ തന്നെ ഡി.സി.ബിയും തയ്യാറാക്കപ്പെടണമെന്നതിനാലും ഓഡിറ്റ് പരാമർശം നിലനിർത്തുന്നു).

## 1-12 വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും ഡി.സി.ബി പത്രികയും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 25,94,893 | 22,30,701 | 12,135 | 3,65,833 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 25,94,893 | 22,16,925 | 25,911 | *3,65,833 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection – PT On NR Bldg-ന്റെ ലെഡ്ജർ) | *(3,84,126/105 X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. വാർഷിക കണക്കിലേയും ഡി.സി.ബി രജിസ്റ്ററിലേയും കളക്ഷൻ, മുൻകൂർ തുക ക്രമീകരിച്ചത് എന്നീ ഇനങ്ങളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് –(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഓഡിറ്റ് എൻക്വയറി 2 തീ 6/10/21)

(മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കിയിരുന്നു. വസ്തുനികുതി കളക്ഷൻ തുക + ലൈബ്രറി സെസ്സ് കളക്ഷൻ തുക + ബുക്ക് അഡ്ജസ്റ്റ്മെന്റ് – അടുത്ത വർഷത്തേക്കുള്ള കളക്ഷൻ എന്നിങ്ങനെ കുറവ് ചെയ്താൽ കണക്ക് കൃത്യമാകുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ആയത് കൃത്യമാക്കി കണക്കുകൾ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഡി.സി.ബി പത്രിക മറുപടിയിൽ പരാമർശിച്ച രീതിയിലാണ് വ്യാഖ്യാനിക്കപ്പെടേണ്ടതെന്ന് നിർദ്ദേശങ്ങളില്ലാത്തതിനാലും വാർഷികകണക്കും ഡി.സി.ബിയും ഒരേ ഡാറ്റാ ഉപയോഗിച്ച് രണ്ട് സോഫ്റ്റ്‌വെയറുകളിൽ തയ്യാറാക്കപ്പെടുമ്പോൾ അക്കൗണ്ട് ശീർഷകങ്ങളുടെ അടിസ്ഥാനത്തിൽ തന്നെ ഡി.സി.ബിയും തയ്യാറാക്കപ്പെടണമെന്നതിനാലും ഓഡിറ്റ് പരാമർശം നിലനിർത്തുന്നു).

## 1-13 ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസി ഡൻഷ്യൽ | 151082 | 540 | 151622 | 150086 | - | 150086 | 1263 | | 54 | 540 | 594 |
| | നോൺ-റെസി ഡൻഷ്യൽ | 132677 | 109837 | 242514 | 112200 | - | 112200 | 642 | | 18293 | 109837 | 128130 |
| | ആകെ | | | 394136 | | | 262286 | 1905 | | 128724 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 395034 | | | 261292 | | | | 266310 | 128724 | | |
| | | 110377+284657 = (2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 –State Govt. Cess/levies...... ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36 (വരവ്)) | | | | (431910101 -State Govt. Cess/levies...... ലെഡ്ജർ 2020-21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് –(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2.തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 261292 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 262286 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account"എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 266310 രൂപയാണ് (ഓഡിറ്റ് എൻക്വയറി 2 തീ 6/10/21).

(മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കിയിരുന്നു. വസ്തുനികുതി കളക്ഷൻ തുക + ലൈബ്രറി സെസ്സ് കളക്ഷൻ തുക + ബുക്ക് അഡ്ജസ്റ്റ്മെന്റ് – അടുത്ത വർഷത്തേക്കുള്ള കളക്ഷൻ എന്നിങ്ങനെ കുറവ് ചെയ്താൽ കണക്ക് കൃത്യമാകുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ആയത് കൃത്യമാക്കി കണക്കുകൾ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഡി.സി.ബി പത്രിക മറുപടിയിൽ പരാമർശിച്ച രീതിയിലാണ് വ്യാഖ്യാനിക്കപ്പെടേണ്ടതെന്ന് നിർദ്ദേശങ്ങളില്ലാത്തതിനാലും വാർഷികകണക്കും ഡി.സി.ബിയും ഒരേ ഡാറ്റാ ഉപയോഗിച്ച് രണ്ട് സോഫ്റ്റ്‌വെയറുകളിൽ തയ്യാറാക്കപ്പെടുമ്പോൾ അക്കൗണ്ട് ശീർഷകങ്ങളുടെ അടിസ്ഥാനത്തിൽ തന്നെ ഡി.സി.ബിയും തയ്യാറാക്കപ്പെടണമെന്നതിനാലും ഓഡിറ്റ് പരാമർശം നിലനിർത്തുന്നു.)

## 1-14 വസ്തുനികുതി-മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2021ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"

സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 5,50,289 | 5,76,870 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 43,924 | 45,965 |

(ഓഡിറ്റ് എൻക്വയറി 2 തീ. 6/10/21)

## 1-15 മുൻകൂർ തുക സാങ്കല്പികമായി വർദ്ധിപ്പിക്കുന്നു

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 4963 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. റെസിഡൻഷ്യൽ

| ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|
| 42000349 | 31/3/2021 | 4162 |

2. നോൺ-റെസിഡൻഷ്യൽ

| ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|
| 42000347 | 31/3/2021 | 801 |

(ഓഡിറ്റ് എൻക്വയറി 2 തീ. 6/10/21) (ഇത് സംബന്ധിച്ച് മറുപടിയോടൊപ്പം മേൽ എൻട്രികൾക്ക് ആധാരമായ സെക്രട്ടറിയുടെ ഉത്തരവുകൾ ഹാജരാക്കിയിട്ടുണ്ട്. വസ്തു നികുതി ഡി.സി.ബി സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുക, വാർഷികകണക്ക് പ്രകാരമുള്ള തുക എന്നിവ പൊരുത്തപ്പെടുത്തുന്നതിനുള്ള എൻട്രി എന്ന് പൊതുവായി പരാമർശമാണ് ഉള്ളത്. ഏതെല്ലാം കെട്ടിടങ്ങളുടെ, എന്തുകൊണ്ട് വ്യത്യാസം ക്രമീകരിക്കേണ്ടിവന്നുവെന്ന് പരാമർശിച്ചിട്ടില്ല.)

## 1-16 രജിസ്റ്ററുകൾ-വാർഷികകണക്കുമായി പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3.ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4. ലേലം രജിസ്റ്റർ

(ഓഡിറ്റ് എൻക്വയറി 2 തീ. 6/10/21)

## 1-17 മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന

വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 189420 |
| 2 | ഡി&ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 101470 |
| 3 | വാടക | 350410401-Advance Collection Of Revenues-Rent From Building | 1778 |
| 4 | മറ്റിനങ്ങൾ | 350410999--Advance Collection Of Revenues-Other Revenues | 3667 |

(ഓഡിറ്റ് എൻക്വയറി 2 തീ. 6/10/21)

## 1-18 "280000000-Prior Period Item"-ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 4162 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 801 |
| 280800701-Prior Period -Miscellanous Expenses | (1154976) |

(ഓഡിറ്റ് എൻക്വയറി 2 തീ. 6/10/21)

## 1-19 ജേണൽ എൻട്രികൾക്ക് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി 2 തീ. 6/10/21).

## 1-20 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത് (ഓഡിറ്റ് എൻക്വയറി 2 തീ. 6/10/21).

## 1-21 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivents"ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5988963 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 12366342 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല (ഓഡിറ്റ് എൻക്വയറി 2 തീ. 6/10/21).

## 1-22 ലൈസൻസ് ഫീസ് കുറവ് ഈടാക്കി.

അബ്ദുൾറഹ്മാൻകുട്ടി, പാമ്പിനേഴത്ത്, മതിലകം എന്ന വ്യക്തി ഗ്ളോറി ഇൻഡസ്ട്രീസ് എന്ന പേരിൽ പെറ്റ് ബോട്ടിൽ, പ്രീഫോം എന്നിവയുടെ നിർമ്മാണത്തിനായി നൽകിയ ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ മൂലധന നിക്ഷേപം 1.5 കോടി എന്ന് രേഖപ്പെടുത്തി കാണുന്നു. എന്നാൽ ടി വ്യക്തിയിൽ നിന്നും മെഷീനറി ഫീസായി(190HP) 2000 രൂ ഈടാക്കിയിട്ടുണ്ട് (രസീത് നമ്പർ-119140106598/12.2.2020). ലൈസൻസ് ഫീസ് ഉൽപാദന മേഖലക്ക് 1.5 കോടി മൂലധന നിക്ഷേപത്തിന് വാങ്ങേണ്ടത് 5000രൂ ആണ്. ആയത് ടിയാളിൽ നിന്നും ഈടാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ-9). എൻക്വയറിക്ക് മറുപടി ആയി ടി വ്യക്തിക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 പെർമ്മിറ്റ്-അനധികൃത നിർമ്മാണത്തിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

ഫയൽ നമ്പർ-എ4-3145/18.7.2019

ഷൈജു,

S/o ചീക്കു

കോലഞ്ചേരി

വാർഡ്-12

മതിലകം

സർവ്വെ നം.124/1313 സ്ഥലത്ത് വാണിജ്യ ആവശ്യത്തിനുള്ള നിലവിലുള്ള 93.05 എം2 ഷോപ്പ് ഏരിയയോടു ചേർന്ന് 78.06 എം2 കടമുറി നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിച്ചു. 31.8.2019 ൽ കെട്ടിടത്തിന് ക്രമവൽക്കരണ ഫീസ് ഈടാക്കി നമ്പർ നൽകി (12/297ബി,സി). എന്നാൽ ടിയാൻ 2.6.2021 ൽ 4 കടമുറികളാക്കുന്നതിന് അപേക്ഷ നൽകി. ഓവർസിയർ നടത്തിയ പരിശോധനയിൽ കെട്ടിടത്തിന്റെ മുൻവശത്ത് അധിക നിർമ്മാണം കണ്ടതിനെ തുടർന്ന് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 എഎ വകുപ്പ് &235 ഡബ്ലിയു വകുപ്പ് എന്നിവ പ്രകാരം യുഎ അസസ്മെന്റ് നടത്തുവാനും/പൊളിച്ച് നീക്കാനും കക്ഷിക്ക് നോട്ടീസ് നൽകാവുന്നതാണെന്നും റിപ്പോർട്ട് നൽകി. 14.6.2021 ൽ ടിയാൾക്ക് കത്ത് നൽകി എങ്കിലും നാളിതു വരെ ടി വ്യക്തി അനധികൃത നിർമ്മാണം പൊളിച്ചു നീക്കിയിട്ടില്ല.

മേൽ വിഷയത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 എഎ വകുപ്പ് &235 ഡബ്ളിയു വകുപ്പ് പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 തൊഴിൽ നികുതി അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 (II) എ (I) വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ച് തൊഴിലിൽ ഏർപ്പെടുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ ആകെ എത്ര അംഗീകൃത കോൺട്രാക്ടർമാരുണ്ടെന്നും, അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്നതിന് 06.11.2021-ലെ ഓഡിറ്റ് അന്വേഷണം നം.30/20-21 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അംഗീകൃത കരാറുകാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-25 വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതിലെ അപാകതകൾ

സ.ഉ(കൈ)നം.106/17/തസ്വഭവ തീയതി.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് ലഭിക്കുന്നതിനായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം ഇളവിന് അർഹതപ്പെട്ടവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കുന്നവരിൽ തറ വിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ കവിയാത്ത വീടിന് മാത്രമേ നികുതി ഇളവിന് അർഹതയുള്ളൂ.
വിമുക്ത ഭടന്മാർക്ക്/ അവരുടെ ഭാര്യമാർക്ക് വസ്തു നികുതി ഒടുക്കുന്നതിൽ ഇളവ് നൽകുന്നതുമായി ബന്ധപ്പെട്ട അപേക്ഷകളും, നികുതി ഇളവ് രജിസ്റ്ററും പരിശോധിച്ചപ്പോൾ 47 പേർക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ആകെ 36 പേരുടെ അപേക്ഷകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ, കൂടാതെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ആകെ 17 വിമുക്ത ഭടന്മാർക്ക്/ അവരുടെ ഭാര്യമാർക്ക് മാത്രമേ വസ്തു നികുതി ഒടുക്കുന്നതിൽ നിന്നും ഇളവ് നൽകിയിട്ടുള്ളത്. ടി സാഹചര്യത്തിൽ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അംഗീകാരമില്ലാത്തവർക്കും, നികുതി ഇളവിന് അപേക്ഷിക്കാത്തവർക്കും നികുതി ഇളവ് നൽകിയോ എന്നതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് അന്വേഷണം നൽകിയിരുന്നുവെങ്കിലും (ഓഡിറ്റ് അന്വേഷണം നം.29/20-21 തീയതി.06.11.2021) ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 ഹോമിയോ മരുന്ന് മുഴുവൻ ലഭിച്ചിട്ടില്ല.

പദ്ധതി നമ്പർ-43/2021

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ പിഎച്ച്സി

ബിൽ നമ്പർ – 2/13.7.2020-200000/- രൂ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

മരുന്ന് വാങ്ങലിനായി 2 ലക്ഷം രൂപ ഹോംകോക്ക് കൈമാറിയതിൽ 103450 രൂപയുടെ (ഇൻവോയ്സ് നമ്പർ- LF-950/13.8.2020) മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാലൻസ് തുകയ്ക്കുള്ള മരുന്ന് ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചർ -ഒരേ വിദ്യാർത്ഥിനിക്ക് രണ്ട് തവണ ഫർണ്ണീച്ചർ നൽകി.

പദ്ധതി നമ്പർ – 147/20 (സ്പിൽ ഓവർ)

പദ്ധതി നമ്പർ – 132/21

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ് പാപ്പിനിവട്ടം
ബിൽ നമ്പർ – 12/19-20/11.2.2020 – 100000/-
ബിൽ നമ്പർ – 1/19-20/21.5.2019 – 98605/-

30.6.2018 ലെ കമ്മറ്റി തീരുമാനം 1 പ്രകാരം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട അനിഘ ഇ.എസ്, D/o സന്തോഷ്, അംഗത്വ നമ്പർ - R5-365, ഇളയാരംപുരക്കൽ എന്ന വിദ്യാർത്ഥിനിക്ക് 2019-20 ൽ ഫർണ്ണീച്ചർ നൽകി (ഇൻവോയ്സ് നമ്പർ-53/20.3.2019 കീർത്തി ഫർണ്ണീച്ചർ). ടി വിദ്യാർത്ഥിനിക്ക് 2020-21 ലെ പദ്ധതിയിലും (ഇൻവോയ്സ് നമ്പർ-41/29.1.2020 കീർത്തി ഫർണ്ണീച്ചർ) ടി വിദ്യാർത്ഥിനിക്ക് ഫർണ്ണീച്ചർ നൽകി. സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് (സ.ഉ.(കൈ) നം.22/2018/തസ്വഭവ/14.2.2018) ഖ.6.3 ക്ര നമ്പർ-24 ൽ ഒരു വിദ്യാർത്ഥിനിക്ക് ഒരു തവണ മാത്രമേ ഫർണ്ണീച്ചർ നൽകാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ 2020-21 ൽ നൽകിയ ഫർണ്ണീച്ചറിന്റെ തുക 7585 രൂ ഉത്തരവാദി ആയവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-28 തൊഴിലുറപ്പ് പദ്ധതി-പ്രവൃത്തികൾക്ക് സാധനങ്ങൾ വാങ്ങൽ- നടപടിക്രമങ്ങളിലെ ന്യൂനതകൾ

1) തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിന് ആസ്തികൾ നിർമ്മിക്കുന്നതിന് നിർമാണ സാമഗ്രികൾ വാങ്ങുന്നതിന് ശ്രീ.രാധാകൃഷ്ണൻ.കെ.കെ സമർപ്പിച്ച ടെണ്ടർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും സാധനങ്ങൾ സപ്ലൈ ചെയ്ത വകയിൽ തുക നല്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ശ്രീ.രാധാകൃഷ്ണൻ, മതിലകം ഗ്രാമപഞ്ചായത്തിന്റെ പേരിൽ ഇൻവോയ്സ് നല്കിയിട്ടില്ല. ശ്രീ.രാധാകൃഷ്ണന് സാധനങ്ങൾ സപ്ലൈ ചെയ്തപ്പോൾ അദ്ദേഹത്തിന്റെ പേരിലും ജി.എസ്.ടി നമ്പരിലും അതാത് സപ്ലൈയേഴ്സ് നല്കിയ ഇൻവോയ്സ് ശ്രീ.രാധാകൃഷ്ണൻ പഞ്ചായത്തിലേക്ക് നല്കി ആ ഇൻവോയ്സ് പ്രകാരമുള്ള തുക പഞ്ചായത്ത് ശ്രീ.രാധാകൃഷ്ണന് നല്കുകയാണ് ചെയ്തിരിക്കുന്നത്. (Stone Aggregates, Quarry Muck എന്നിവയ്ക്ക് ശ്രീ.രാധാകൃഷ്ണൻ ലെറ്റർ പാഡിൽ തുക കണക്കാക്കി നല്കിയിരിക്കുകയാണ് ചെയ്തിരിക്കുന്നത്,

അതിൽ ആരുടെയും ഇൻവോയ്സ് ഇല്ല). ശ്രീ.രാധാകൃഷ്ണന് ജി.എസ്.ടി രജിസ്ട്രേഷൻ ഉണ്ടായിരിക്കേ പഞ്ചായത്തിന്റെ പേരിൽ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള ഇൻവോയ്സ് ഇഷ്യൂ ചെയ്തിട്ടില്ല. ഇത് ജി.എസ്.ടി നിയമം 2017 വകുപ്പ് 31 പ്രകാരം അനുവദനീയമല്ല. സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 12.18 പ്രകാരം സാധനങ്ങൾ വാങ്ങി തുക നല്കുന്നതിന് മുമ്പ് ഒറിജിനൽ ഇൻവോയ്സ് ഹാജരാക്കേണ്ടതാണ്. ഇപ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്യുന്ന സപ്ലൈയർ സാധനങ്ങൾ വാങ്ങിയതിന് ലഭിച്ച ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ സപ്ലൈയർക്ക് തുക നല്കിയത് ശരിയായ നടപടിയല്ല.

2) സാധനങ്ങൾ ലഭ്യമാക്കിയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പ്രവൃത്തികൾക്ക് നല്കുന്നത് രേഖപ്പെടുത്തിയതായി കാണുന്നില്ല.

3) പ്രവൃത്തിക്കായി വാങ്ങിയ സാധനങ്ങൾ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയതായും കാണുന്നില്ല. [(കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 189(എ), കേരള പബ്ലിക് വർക്ക് അക്കൗണ്ട് കോഡ് ഖണ്ഡിക 10.2.9, ("Payments For All Work Done Otherwise Than By Daily Labour And For *All Supplies Required For Specific Works* , Are Made On The Basis Of Measurements Recorded In Measurement Books...”))]

മേൽ അപാകതകൾ കണ്ടെത്തിയ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അളവ് പുസ്തകം,പേജ് | പാർട്ട് ബിൽ, ഫൈനൽ ബിൽ | പാർട്ട് ബില്ലുകളും ആകെ തുകയും | അളവ് പുസ്തകം പ്രകാരം സാധനങ്ങളുടെ വില |
|---|---|---|---|---|---|
| 1 | ഗവൺമെന്റ് സ്കൂളിൽ കിച്ചൺ നിർമാണം | 98,17<br>123,12<br>123,23<br>123,35<br>123,58<br>123,76<br>123,90<br>152,19<br>152,54<br>152,85<br>269,28<br>269,53 | 1&Part<br>2&Part<br>3&Part<br>4&Part<br>5&Part<br>6&Part<br>7&Part<br>8&Part<br>9&Part<br>10&Part<br>11&Part<br>12&Part<br>ആകെ | 79066<br>28759<br>32097<br>36640<br>78372<br>111882<br>59522<br>105867<br>48309<br>43658<br>180729<br>43631<br>848532 | 45976<br>17635<br>----<br>6249<br>-----<br>89200<br>59522<br>86608<br>351<br>25427<br>162288<br>34055<br>368251 |
| 2 | കുഞ്ഞനാശാൻ സ്മാരക നടപ്പാത നിർമാണം | 178,5<br>178,12 | 1&Part<br>2&Part<br>ആകെ | 81482<br>270598<br>352080 | 55325<br>249462<br>304787 |
| 3 | ഹൈസ്കൂൾ പ്രദേശത്തെ സുൽത്താൻ റോഡ് നിർമാണം | 179,4<br>179,9<br>ആകെ | 1&Part<br>2&Part | 57808<br>311948<br>369756 | 46330<br>282955<br>329285 |
| 4 | സൗഹൃദ റോഡ് | | 1&Part | | |

| | | | | | |
|---|---|---|---|---|---|
| | നടപ്പാത നിർമാണം | 180,4<br>180,9<br>ആകെ | 2&Part | 77071<br>138731<br>215802 | 59062<br>125166<br>184228 |
| 5 | ജനശക്തി ഭജന മഠം റോഡ് നിർമാണം | 95,5<br>95,10 | 1&Part<br>2&Part | 385942<br>75008<br>460950 | 331203<br>52926<br>384129 |

(ഓഡിറ്റ് എൻക്വയറി 24 തീ. 5/11/21). ഈ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-29 പൊതുമരാമത്ത് പ്രവൃത്തികൾ- കരാറുകാരിൽ നിന്ന് ജിഎസ്ടി ഇൻവോയ്സുകൾ ലഭ്യമാക്കേണ്ടതാണ്

കേരള സർക്കാരിന്റെ സർക്കുലർ നമ്പർ 18/19 ധനം തീ. 1/3/19 ലെ നിർദ്ദേശങ്ങൾ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് GST ഉൾപ്പെടാതെയുള്ള തുകയ്ക്ക് എസ്റ്റിമേറ്റ്, ബിൽ എന്നിവ തയ്യാറാക്കുകയും, ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിന്റെ കൂടെ GST നിരക്ക് കൂട്ടുകയും മൊത്തം തുക കരാറുകാരന് നല്കുകയും ചെയ്യുന്നു. GST ഉൾപ്പെടാതെ 2,50,000 ൽ കൂടുതൽ മൂല്യം വരുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് 50/18 തീ 13/9/2018 GST നോട്ടിഫിക്കേഷൻ പ്രകാരം 2% TDS കുറവ് ചെയ്യുകയും ആയതിന് റിട്ടേൺ സമർപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും GST ഇനത്തിൽ 2,50,000 ൽ കൂടുതൽ മൂല്യം വരുന്ന പ്രവൃത്തികൾക്ക് നല്കുന്ന തുകയുടെ വിവരം GST വകുപ്പിലേക്ക് എത്തുകയും നികുതി അസ്സസ്സ്മെന്റിന് കരാറുകാരൻ വിധേയനാകുകയും ചെയ്യുന്നു.

പ്രവൃത്തിമൂല്യം 2,50,000 രൂപയിൽ താഴെ മൂല്യമുള്ള പൊതുമരാമത്ത് പ്രവൃത്തികൾക്ക് TDS ബാധകമല്ല, റിട്ടേൺ സമർപ്പിക്കേണ്ടതില്ല. എന്നാൽ GST ഇനത്തിൽ ഈ പ്രവൃത്തികൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് തുക നല്കേണ്ടതുമുണ്ട്. പഞ്ചായത്ത് ഫണ്ടിൽ നിന്ന് GST ഇനത്തിൽ നല്കുന്ന തുക നികുതി അസ്സസ്സ്മെന്റിന് വിധേയമാകുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതുണ്ട്. GST നിയമം 2017 വകുപ്പ് 31(2) പ്രകാരം എല്ലാ നികുതി ബാധകമായ സേവനങ്ങൾക്കും സേവനത്തിന്റെ മൂല്യം, നികുതി എന്നിവയും മറ്റ് വിവരങ്ങളും ഉൾക്കൊള്ളിച്ച് സേവന ദാതാവ് ഇൻവോയ്സ് നല്കേണ്ടതുണ്ട്. ഈ ഇൻവോയ്സ് നികുതി അസസ്സ്മെന്റ് ഉറപ്പ് വരുത്തുന്നു.

പഞ്ചായത്ത്, കരാറുകാർക്ക് (സേവനദാതാവിന്) നല്കുന്ന തുകക്ക് നിലവിൽ ഇൻവോയ്സ് ലഭ്യമാക്കാത്തതിനാൽ പഞ്ചായത്ത് 2020-21 വർഷം നടപ്പാക്കിയതും 2,50,000 രൂപയിൽ താഴെ മൂല്യമുള്ളതുമായ പ്രവൃത്തികൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് GST ഇനത്തിൽ നല്കിയ തുക സർക്കാരിലേക്ക് അടവാക്കിയോ എന്ന് ഉറപ്പ് വരുത്താനാകുന്നില്ല (ഓഡിറ്റ് എൻക്വയറി 21 തീ. 18/10/21).

## 1-30 വീട് അറ്റകുറ്റപ്പണി പൂർത്തീകരിച്ചിട്ടില്ല

പദ്ധതി നമ്പർ : 36/2021

ഫണ്ട് : വികസനഫണ്ട് പൊതു വിഭാഗം

ഈ പദ്ധതിയിൽ ആദ്യ ഗഡു കൈപറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ വീട് അറ്റകുറ്റപ്പണി പൂർത്തീകരിച്ചിട്ടില്ലാത്തതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ, തിയതി, ബിൽ തുക | കൈമാറിയ തുക |
|---|---|---|
| കച്ചുമുഹമ്മദ് കണക്കശ്ശേരി | 14/2020-21<br>Dt 27.01.2021<br>25000 | 25000 |
| ജെൻസൺ.പി.ജോസ് | 04/2020-21<br>16.02.2021<br>25000 | 25000 |
| നന്ദിനി വേലായുധൻ | 14/2020-21 | 25000 |

| | | |
|---|---|---|
| | 25.02.2021<br>75000 | |

ആദ്യ ഗഡു കൈപറ്റിയിട്ടും വീട് അറ്റകുറ്റപ്പണി പൂർത്തീകരിക്കാത്ത മേൽപറഞ്ഞ ഗുണഭോക്താക്കൾ അവർ അറ്റകുറ്റപ്പണി പൂർത്തീകരിക്കാത്ത പക്ഷം തുക തിരികെ പിടിച്ച് സഞ്ചിതനിധിയിലേക്ക് അടവാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി 25/06.11.2021).

## 1-31 വീട് അറ്റകുറ്റപ്പണി ,SCP -വാല്യുവേഷനിൽ അധികം തുക നൽകി

ഈ പദ്ധതിയിൽ അശോകൻ.കെ.സി കോലാട്ട് വീട്, കുളിമുട്ടം പി.ഒ എന്ന ഗുണഭോക്താവിന് താഴെപ്പറയും വിധം വാല്യുവേഷനിലും അധികം നൽകിയിട്ടുണ്ട്.

| പ്രോജക്റ്റ് നമ്പർ, ബിൽ നമ്പർ, തിയതി, ബിൽ തുക | ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറിയ തുക | എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം നൽകിയ വാല്യുവേഷൻ തുക | അധികം നൽകിയ തുക |
|---|---|---|---|
| 92/20<br>25/2019-20<br>26.02.2020<br>75000 | 37500 | 73679 | 75000-73679=1321 |
| 144/2021<br>03/2020-21<br>10.06.2020<br>375000 | 37500 | | |

അധികം നൽകിയ 1321 രൂപ തിരികെ പിടിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 12/16.10.2021). 1321 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-32 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക്- പദ്ധതിവിഹിതം കൂടുതൽ ചെലവ് ചെയ്തു.

അസി.സെക്രട്ടറി നിർവഹണോദ്യഗസ്ഥയായ, പദ്ധതി നം.28/20-21, എസ് സി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് എന്നതിൽ, 61 കുടുംബങ്ങൾക്ക്, 3050/രൂപാ നിരക്കിൽ, 186050/ രൂപാ ചെലവ് ചെയ്തു, വിക്ടോറിയ പോളിഫോംസ് എന്ന സ്ഥാപനത്തിൽ നിന്നും വാട്ടർടാങ്ക് വാങ്ങിയിട്ടുണ്ട്. ഈ പദ്ധതിയിൽ പദ്ധതി മാർഗരേഖ പ്രകാരം, 75% പദ്ധതി വിഹിതവും, 25% ഗുണഭോക്തൃ വിഹിതവുമാണ്. എന്നാൽ പദ്ധതിയിൽ ചെലവ് ചെയ്തിരിക്കുന്നത്, 150000/ രൂപാ ഗുണഭോക്തൃവിഹിതവും, (ബിൽ നം.8/20-21,dt.26-2-2021) 36050/ രൂപാ ഗുണഭോക്തൃ വിഹിതവുമാണ്. യഥാർത്ഥത്തിൽ ചെലവ് ചെയ്യേണ്ടിയിരുന്ന പദ്ധതിവിഹിതം, 139538/ രൂപയും, ഗുണഭോക്തൃവിഹിതം, 46512/രൂപയും ആണ്. കുറവ് വന്ന ഗുണഭോക്തൃവിഹിതം ഈടാക്കേണ്ടതും, കൂടുതലായി ചെലവ് ചെയ്ത പദ്ധതി വിഹിതം തിരികെ സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-33 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | പദ്ധതി നം/പേര് | കൈമാറിയ തുക | ബിൽ നം./തിയതി | കൈമാറിയ സ്ഥാപനം |
|---|---|---|---|---|
| 1 | 130/21 എസ് സി കോളനികളിലേക്ക് കുടിവെള്ള പൈപ് ലൈൻ | 190000 | 10/20-21,dt.29-9-20 | കേരളാ വാട്ടർ അതോറിറ്റി |

| | | | | |
|---|---|---|---|---|
| | ദീർഘിപ്പിക്കൽ | | | |
| 2 | 146/21 എസ് സി കോളനി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 140000 | 44/dt.19-5-2020 | കെ.എസ്. ഇ.ബി |
| 3 | 129/21 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 1356082 | 22000232,233,235,236/10-5-2020 | കെ.എസ്. ഇ. ബി |
| 4 | 217/21മതിലകം കൂളിമുട്ടം ബീച്ച് റോഡിലെ വൈദ്യുതി പോസ്റ്റുകൾ നീക്കി സ്ഥാപിക്കൽ | 487385 | 22000431/14-8-2020 | കെ.എസ്. ഇ.ബി |
| 5 | 19/21 കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 1000000 | 22001389 | കേരളാ വാട്ടർ അതോറിറ്റി |
| | | | | |

വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-34 സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ സ്ഥലം വാങ്ങൽ പദ്ധതി സംബന്ധിച്ച്

പദ്ധതിയുമായി ബന്ധപ്പെട്ട് ചെലവ് ഓഡിറ്റ് വർഷങ്ങളിൽ ഒന്നുമില്ലെങ്കിലും, ഇത് സംബന്ധിച്ച് പ്രാരംഭനടപടികൾ നടക്കുന്നതായി, ജനറൽ കമ്മിറ്റി മിനിറ്റ്സിൽ നിന്നും വ്യക്തമാകുന്നു. പഞ്ചായത്തിലെ ഫയൽ നം.A2-2472/2020ൽ, പാപ്പിനിവട്ടം വില്ലേജിലെ 66/8A,66/8B,66/8C എന്നീ സർവേയിൽപെട്ട ആകെ 84 സെന്റ് സ്ഥലമാണ് വാങ്ങാൻ നിശ്ചയിച്ചിട്ടുള്ളത് എന്ന് കാണുന്നു. കൊടുങ്ങല്ലൂർ തഹസിൽദാറിൽ നിന്നും മേൽ സ്ഥലത്തിന്റെ ലാന്റ് വാല്യൂ സർട്ടിഫിക്കറ്റും ലഭിച്ചതായി കാണുന്നുണ്ട്.

ഈ സ്ഥലം മതിലകം ഗ്രാമപഞ്ചായത്തിന്റെ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണെന്നും, ഈ സ്ഥലം 2008 ന് മുൻപായി നികത്തപ്പെട്ടതല്ല എന്നും, സ്ഥലത്ത് 20 വർഷം പ്രായമായ തെങ്ങുകൾ നിൽക്കുന്ന ചിറകളും തോടുകളും ഉള്ള സ്ഥലമായി കാണപ്പെടുന്നു എന്നുമാണ് മതിലകം കൃഷി ഓഫീസർ നൽകിയിരിക്കുന്ന റിപ്പോർട്ട്.

മതിലകം ഗ്രാമപഞ്ചായത്തിൽ നിന്നും, സ്ഥലം വാങ്ങുന്നതിന് അനുയോജ്യതാ സാക്ഷ്യപത്രം ലഭിക്കുന്നതിനായി ആവശ്യമായ രേഖകൾ സഹിതം തൃശ്ശൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകുകയും, ആയതിന് ഡി.ഡി.പി നൽകിയ അനുയോജ്യതാ സാക്ഷ്യപത്രത്തിൽ, സ്ഥലപരിശോധന നടത്തിയതിൽ നിന്നും ഈ ഭൂമി റവന്യൂരേഖകൾ പ്രകാരം നഞ്ച എന്ന വിഭാഗത്തിൽ ഉൾപ്പെട്ടതും, ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട രൂപഭേദം വരുത്തേണ്ട ഭൂമിയുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് കളിസ്ഥലമായി ഉപയോഗിക്കുന്നതിനുള്ള വിസ്തൃതിയിൽ മറ്റൊരു കളിസ്ഥലം കണ്ടെത്തുന്നതിന് ദുഷ്കരമായതിനാലും, നിലവിൽ ഈ സ്ഥലം കൃഷിയോഗ്യമായ ഭൂമി അല്ലാത്തതിനാലും, പ്രസ്തുത ഭൂമി കളി സ്ഥലമായി ഉപയുക്തമാക്കാവുന്നതാണ്. നഞ്ച വിഭാഗത്തിൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയായതിനാൽ സർക്കാരിന്റെ അനുമതിയോടെ മതിയായ രീതിയിൽ ഉയർത്തി ജലനിർഗമനമാർഗങ്ങൾ ഉണ്ടെങ്കിൽ ആയത് സംരക്ഷിച്ച് കളിസ്ഥലം നിർമിക്കാവുന്നതാണ്. ഈ ഭൂമി സർക്കാർ ഉത്തരവിന് വിധേയമായി കളിസ്ഥലം നിർമിക്കുന്നതിന് അനുയോജ്യമാക്കാവുന്നതാണ്. സ്ഥലം ഏറ്റെടുക്കുന്നതിന് മുൻപായി ഇതുമായി ബന്ധപ്പെട്ട് സർക്കാർ നിഷ്കർഷിച്ച എല്ലാ നടപടികളും യഥാവിധി പൂർത്തീകരിക്കേണ്ടതും, ബാധ്യതകൾ ഇല്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ് എന്നാണ് ഡി.ഡി.പി കത്തിൽ വ്യക്തമാക്കിയിരിക്കുന്നത്.

ഈ ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട തണ്ണീർതടമായതിനാൽ ഭൂമി വാങ്ങുന്നതിന് പ്രത്യേക അനുവാദം ലഭിക്കുന്നതിന് സർക്കാരിലേക്ക്, 22-9-21 ലെ, A2-02/2021 നമ്പർ കത്ത് പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്ത് നൽകിയതായും കാണുന്നു.

നഞ്ച വിഭാഗത്തിൽ ഉൾപ്പെട്ട മേൽ സ്ഥലം പഞ്ചായത്ത് വാങ്ങുന്നതിന് മുൻപ് സർക്കാർ നിഷ്കർഷിച്ച എല്ലാ ഉത്തരവുകളും കൃത്യമായി പാലിക്കേണ്ടതും, അനുയോജ്യതാ സാക്ഷ്യപത്രം നൽകിയപ്പോൾ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് നൽകിയ നിർദ്ദേശങ്ങൾ കർശനമായി പിൻതുടരേണ്ടതുമാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ലൈസൻസ് ഫീസ് കുറവ് ഈടാക്കി.

അബ്ദുൾറഹ്മാൻകുട്ടി, പാമ്പിനേഴത്ത്, മതിലകം എന്ന വ്യക്തി ഗ്ലോറി ഇൻഡസ്ട്രീസ് എന്ന പേരിൽ പെറ്റ് ബോട്ടിൽ, പ്രീഫോം എന്നിവയുടെ നിർമ്മാണത്തിനായി നൽകിയ ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ മൂലധന നിക്ഷേപം 1.5 കോടി എന്ന് രേഖപ്പെടുത്തി കാണുന്നു. എന്നാൽ ടി വ്യക്തിയിൽ നിന്നും മെഷീനറി ഫീസായി (190HP) 2000 രൂ ഈടാക്കിയിട്ടുണ്ട് (രസീത് നമ്പർ-119140106598/12.2.2020). ലൈസൻസ് ഫീസ് ഉൽപാദന മേഖലക്ക് 1.5 കോടി മൂലധന നിക്ഷേപത്തിന് വാങ്ങേണ്ടത് 5000 രൂ ആണ്. ആയത് ടിയാളിൽ നിന്നും ഈടാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ-9). എൻക്വയറിക്ക് മറുപടി ആയി ടി വ്യക്തിക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചർ -ഒരേ വിദ്യാർത്ഥിനിക്ക് രണ്ട് തവണ ഫർണ്ണീച്ചർ നൽകി.

പദ്ധതി നമ്പർ – 147/20 (സ്പിൽ ഓവർ)

പദ്ധതി നമ്പർ – 132/21

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ് പാപ്പിനിവട്ടം

30.6.2018 ലെ കമ്മറ്റി തീരുമാനം 1 പ്രകാരം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട അനിഘ ഇ.എസ്, D/o സന്തോഷ്, അംഗത്വ നമ്പർ-R5-365, ഇളയാരംപുരക്കൽ എന്ന വിദ്യാർത്ഥിനിക്ക് 2019-20 ൽ ഫർണ്ണീച്ചർ നൽകി (ഇൻവോയ്സ് നമ്പർ-53/20.3.2019 കീർത്തി ഫർണ്ണീച്ചർ). ടി വിദ്യാർത്ഥിനിക്ക് 2020-21 ലെ പദ്ധതിയിലും (ഇൻവോയ്സ് നമ്പർ-41/29.1.2020 കീർത്തി ഫർണ്ണീച്ചർ) ടി വിദ്യാർത്ഥിനിക്ക് ഫർണ്ണീച്ചർ നൽകി. സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് (സ.ഉ.(കൈ) നം.22/2018/തസ്വഭവ/14.2.2018) ഖ.6.3 ക്ര നമ്പർ-24 ൽ ഒരു വിദ്യാർത്ഥിനിക്ക് ഒരു തവണ മാത്രമേ ഫർണ്ണീച്ചർ നൽകാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ 2020-21 ൽ നൽകിയ ഫർണ്ണീച്ചറിന്റെ തുക 7585 രൂ ഉത്തരവാദി ആയവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 372084 | നാണൻ മെമ്മോറിയൽ ലൈബ്രറി പരിസരം കുളം സൈഡ്കെട്ട് | 372084 | 0 |
| | 2020-21 | 500000 | ചെമ്പൈപാടം കാന നിർമാണം | 421453 | 78547 |
| | 2020-21 | 41509 | മുംതാസ് പഴംതറ റോഡ് | 0 | 41509 |
| | 2020-21 | 140000 | എസ് സി കോളനി സ്ട്രീറ്റ് ലൈൻ | 140000 | |
| | 2020-21 | 1000000 | അംഗനവാടി പോഷകാഹാരം | 1000000 | |
| | 2020-21 | 549000 | ഭിന്നശേഷി സ്കോളർഷിപ്പ് | 549000 | |

| | | | | | |
|---|---|---|---|---|---|
| | 2020-21 | 190000 | പട്ടികജാതികോളനി പൈപ് ലൈൻ എക്സ്റ്റൻഷൻ | 190000 | |
| | 2020-21 | 200000 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 200000 | |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 165390 | പാലിയേറ്റീവ് കെയർ | 165390 | |
| | 2020-21 | 200000 | ക്ഷീരകർഷകർക്ക് സബ്സിഡി | 200000 | |
| | 2020-21 | 772477 | ലൈഫ് എസ്.സി.പി | 772477 | |
| | 2020-21 | 650000 | അംഗനവാടിപോഷകാഹാരം | 650000 | |
| | 2020-21 | 600000 | ഭിന്നശേഷി സ്കോളർഷിപ്പ് | 600000 | |
| | 2020-21 | 306936 | ഓണച്ചമാവ് അംഗനവാടി റോഡ് റീടാറിംഗ് | 306936 | |
| | 2020-21 | 300000 | കഴവിലങ്ങ് ടെമ്പിൾ റോഡ് | 300000 | |
| | 2020-21 | 373624 | പെരുംതോട് ആഴംകൂട്ടി വൃത്തിയാക്കൽ | 373624 | |
| | 2020-21 | 72231 | ക്ഷീര കർഷകർക്ക് സബ് സിഡി | 72231 | |
| | 2020-21 | 150000 | ആശ്രയ | 0 | 150000 |
| | 2020-21 | 12413 | ഇ.വി.ജി അംഗനവാടി സൈഡ് പ്രൊട്ടക്ഷൻ | 0 | 12413 |
| | 2020-21 | 593562 | 64 നമ്പർ അംഗനവാടി നിർമ്മാണം | 593562 | |
| | 2020-21 | 491731 | നാഗയക്ഷിക്കാവ് പ്രാണിയാട് പള്ളി പരിസരം റോഡ് | 491731 | |

സാമ്പത്തിക വർഷത്തെ കണക്കുകൾ മാത്രമാണ് സ്ഥാപനം ലഭ്യമാക്കിയിട്ടുള്ളത്. ഇക്കാരണത്താൽ വാർഷിക കണക്കുകളുടെ B4 പട്ടികയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. നീക്കിയിരിപ്പ് വിവരങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെകൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1000000 | | 1000000 |
| KWA | എസ് സി കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 190000 | | 190000 |
| KSEB | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 1356082 | | 1356082 |
| KSEB | എസ് സി കോളനി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 140000 | | 140000 |

| | | | | |
|---|---|---|---|---|
| KSEB | മതിലകം കുളിമുട്ടം ബീച്ച് റോഡിലെ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 487385 | | 487385 |

സാമ്പത്തിക വർഷത്തെ കണക്കുകൾ മാത്രം ലഭ്യമാക്കിയിട്ടുള്ളതിനാൽ വാർഷിക കണക്കുകളിലെ കൃത്യത (B-18 പട്ടിക) വിലയിരുത്തുവാൻ കഴിഞ്ഞിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | | 12471432 | 11412608 | 1082510 | | 10330098 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 10800000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| പലിശ | - |
| ആകെ | 10800000 |
| തൻവർഷം പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10800000 |

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപത്തിന്റെ വിവരം

| ബാങ്കിന്റെ പേര് | തുക |
|---|---|
| പാപ്പിനിവട്ടം സർവ്വീസ് സഹകരണ ബാങ്ക് | 10800000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03<br>2014-15<br>2014-15<br>2015-16 | 3-21<br>2-8<br>2-1<br>2-3 | 2006-07<br>2016-17<br>2016-17<br>2016-17 | 3.53.4 | കേരള വികസന പദ്ധതി 2002-03 ഭജനമഠം കോളനിയിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ-പൂർത്തീകരണരേഖകൾ ഹാജരാക്കിയിട്ടില്ല മൊബൈൽടവറുകൾ വസ്തു നികുതി | ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുള്ളതാണ്. വസ്തു നികുതി അടവാക്കിയതു സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടുള്ളതാണ്. |

| | | | | | |
|---|---|---|---|---|---|
| | | | | അടവാക്കുന്നില്ല<br>തൊഴിൽ നികുതി<br>അപാകതകൾ<br>സ്ഥാപന നികുതി<br>ഈടാക്കിയിട്ടില്ല | തൊഴിൽ നികുതി<br>അടവാക്കിയതിന്റെ<br>രേഖകൾ<br>ഹാജരാക്കിയിട്ടുള്ളതാണ്.<br>സ്ഥാപനതൊഴിൽ<br>നികുതി<br>അടവാക്കിയതിന്റെ<br>രേഖകൾ<br>ഹാജരാക്കിയിട്ടുള്ളതാണ്. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 87038695 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 81049732 |
| വരവിനങ്ങളിലുള്ള നഷ്ടം | 5000 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 8906 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-31 | | 1321 | ശ്രീ. ബാബു.ഇ.എസ്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മതിലകം സർക്കിൾ |
| 1-27 | | 7585 | ശ്രീമതി മെർലിൻ ജോസഫ്, ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ് പാപ്പിനിവട്ടം |
| 1-22 | 5000 | | ശ്രീ. പി.വി.ഷാബു, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.ബാബു.ഇ.എസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | എറങ്ങാത്ത് വീട്, പി.ഒ.മാടായിക്കോണം, ഇരിങ്ങാലക്കട, പിൻ-680 712 |
| ശ്രീ.ഷാബു.പി.വി, സെക്രട്ടറി | സെക്രട്ടറി | പുത്തൂർ ഹൗസ്, കൈപ്പമംഗലം, തൃശ്ശൂർ |
| ശ്രീ.മെർലിൻ ജോസഫ്, ഹെഡ് മിസ്ട്രസ് | ഹെഡ് മിസ്ട്രസ്, GLPS പാപ്പിനിവട്ടം | കൈതാരത്ത് ഹൗസ്, നോർത്ത് പറവൂർ, നിയർ മാർത്തോമ ചർച്ച് – 680 666 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 75-76 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/01.02.12 |
| 77-78 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 78-79 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 79-80 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 80-81 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 81-82 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 83-84 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 84-85 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 85-86 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 86-87, 87-88 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 88-89, 89-90 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 94-95, 95-96 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 96-97 | എൽ.എഫ്.ടി.12-1228/01/01.10.97. |
| 97-98 | എൽ.എഫ്.ടി.12-1791/00/15.5.2000 |
| 98-99, 99-2000 | എൽ.എഫ്.ടി.12-950/01/17.10.01 |
| 2000-2001 | എൽ.എഫ്.ടി.12-257/04/03.05.04/ 11.08.08 |
| 2001-2002 | എൽ.എഫ്.ടി.12-258/04/03.05.04/ 11.08.08 |
| 2002-2003 | എൽ.എഫ്.ടി.12-100/06/26.05.06/ 08.12.06 |
| 2003-2004 | എൽ.എഫ്.ടി.12-60/09/09.10.09/ 3.11.09 |
| 2004-2005 | എൽ.എഫ്.ടി.12-428/10/27.09.11 |
| 2005-2006 | എൽ.എഫ്.ടി.12-428/10/27.09.11 |
| 2006-2007 | എൽ.എഫ്.ടി.12-429/10/27.09.11 |
| 2007-2008 | എൽ.എഫ്.ടി.പി.3-2113/11/25.05.12/ 07.08.12 |
| 2008-2009 | എൽ.എഫ്.ടി.പി.3-2114/11/28.05.12/ 07.08.12 |
| 2009-2010 | എൽ.എഫ്.ടി.പി.3-28.05.12/07.08.12 |
| 2010-2011 | എൽ.എഫ്.ടി.പി.3-1977/12/13.02.13/ 09.05.13 |
| 2011-2012 | എൽ.എഫ്.ടി.പി.3-337/13/12.11.13 |
| 2012-2013 | എൽ.എഫ്.ടി.പി.3-87/2014/22.07.14/ 18.09.14 |
| 2013-2014 | കെ.എസ്.എ ടി.എസ്.ആർ.പി.3-748/15/ 13.10.15/16.10.15 |
| 2014-15 | കെ.എസ്.എടി.എസ്.ആർ.പി.3-1276/16/ 29.7.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി3) 1735/2016/19.10.16 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി3) 1315/2017/23.09.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി3) 832/2019/12.6.2019 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(പി3) 371/2020/02.6.2020 |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ.(പി9) 1569/2021/25.6.2022 |

അവശേഷിക്കുന്ന 2019-20 റിപ്പോർട്ടുകളിലെ തടസ്സം തീർപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്